ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 01-04-2024**

## പ്രധാനവാർത്തകൾ

1. രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയിൽ റിസർവ് ബാങ്ക് വലിയ പങ്കുവഹിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. മുംബൈയിൽ ആർ.ബി.ഐ യുടെ 90-ാം വാർഷിക പരിപാടിയിൽ പ്രധാനമന്ത്രി പങ്കെടുത്തു.

2. അധിക കടമെടുപ്പിനായുള്ള കേരളത്തിന്റെ പ്രധാന ഹർജി സുപ്രീം കോടതി അഞ്ചംഗ ഭരണഘടനാ ബെഞ്ചിന് വിട്ടു.

3. സംസ്ഥാനത്ത് സ്ഥാനാർത്ഥികളുടെ മണ്ഡല പര്യടനം സജീവം. രണ്ടാംഘട്ട തിരഞ്ഞെടുപ്പിനുള്ള പത്രിക സമർപ്പണം വ്യാഴാഴ്ച വരെ.

4. പൊതുജനസേവന പ്രക്ഷേപണ രംഗത്തെ മികവുമായി ആകാശവാണി തിരുവനന്തപുരം നിലയം 75 -ാം വർഷത്തിലേക്ക്. വാർഷികാഘോഷ പരിപാടികൾക്ക് ഇന്ന് തുടക്കം.

RNU TVPM

5. **ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് മുബൈ ഇന്ത്യൻസ്, രാജസ്ഥാൻ റോയൽസിനെ നേരിടും. ഐ.എസ്.എൽ ഫുട്ബോളിൽ മുംബൈ സിറ്റി-ഹൈദരാബാദ് പോരാട്ടം.**

**&&&&&&&&&&&&&&&**

## റിസർവ്വ് ബാങ്ക്

രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയിൽ റിസർവ് ബാങ്ക് വലിയ പങ്കുവഹിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. പണപ്പെരുപ്പവുമായി ബന്ധപ്പെട്ട പ്രതീക്ഷകളെ കൃത്യമായി പിടിച്ചുകെട്ടാൻ കേന്ദ്രബാങ്കിനു കഴിഞ്ഞതായും അദ്ദേഹം പറഞ്ഞു. ഇന്ത്യൻ ബാങ്കിങ് മേഖലയുടെ രൂപാന്തരീകരണം മറ്റുള്ളവർക്ക് ഒരു മാതൃകാപഠനമാണ്. പൊതുമേഖലാ ബാങ്കുകളുടെ പുനരുജ്ജീവനത്തിനായി 3.5 ലക്ഷം കോടിയുടെ മൂലധനം ഭരണകൂടം ഉറപ്പാക്കിയതായി അദ്ദേഹം പറഞ്ഞു. വികസിത ഭാരതം എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ ഈ ദശാബ്ദം നിർണായകമാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

മുംബൈയിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ 90-ാം വാർഷിക ആഘോഷ പരിപാടിയായ "RBI @ 90" യിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. കേന്ദ്ര മന്ത്രി നിർമല സീതാരാമൻ, ധനകാര്യ സഹമന്ത്രി ഭഗവത് കിഷൻറാവു കരാഡ്, പങ്കജ് ചൗധരി എന്നിവരും ചടങ്ങിൽ പങ്കെടുത്തു. ആർ.ബി.ഐ ഗവർണർ ശക്തികാന്ത ദാസ് പരിപാടിയെ അഭിസംബോധന ചെയ്തു.

**&&&&&&&&&&&&&&&**

RNU TVPM

## കെജ് രിവാൾ

മദ്യനയ അഴിമതിയുമായി ബന്ധപ്പെട്ട കേസിൽ ഡൽഹി മുഖ്യമന്ത്രിയും ആം ആദ്മി പാർട്ടി നേതാവുമായ അരവിന്ദ് കെജ്രിവാളിനെ ഡൽഹി കോടതി ഈ മാസം 15 വരെ ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടു. മാർച്ച് 21 നാണ് എഎപി നേതാവിനെ എൻഫോഴ്സ്മെൻ്റ് ഡയറക്ടറേറ്റ് അറസ്റ്റ് ചെയ്തത്. ഇ.ഡി കസ്റ്റഡി കാലാവധി അവസാനിച്ചതിനെ തുടർന്ന് മുഖ്യമന്ത്രി കെജ്‌രിവാളിനെ കോടതിയിൽ ഹാജരാക്കിയതിന് പിന്നാലെയാണ് റൂസ് അവന്യൂ കോടതിയിലെ പ്രത്യേക സിബിഐ കോടതിയുടെ ഉത്തരവ്.

&&&&&&&&&&&&&&&

## സുപ്രീംകോടതി -കേരള

കടമെടുപ്പ് പരിധിയിലെ കേരളത്തിന്റെ പ്രധാന ഹർജി അഞ്ചംഗ ഭരണഘടനാ ബെഞ്ചിന് വിട്ടു. ഓരോ സംസ്ഥാനത്തിനും എത്ര രൂപ കടമെടുക്കാമെന്നത് ഭരണഘടനാ ബെഞ്ച് പരിഗണിക്കും. കൂടുതൽ കടം എടുക്കാൻ കേരളത്തിന് നിലവിൽ അനുവാദമില്ല. തൽക്കാലം കടമെടുക്കാൻ കേന്ദ്ര നിബന്ധന പാലിക്കണം. ഒരു വർഷം അധികകടം എടുത്താൽ അടുത്ത വർഷത്തിൽ നിന്ന് കുറയ്ക്കാൻ കേന്ദ്രത്തിന് അധികാരമുണ്ടെന്നും കോടതി നിരീക്ഷിച്ചു. ഭരണഘടനയുടെ 293 ആം അനുച്ഛേദം ഇതുവരെ ചോദ്യം ചെയ്യിട്ടില്ലെന്നും അതിനാൽ ഭരണഘടനാ ബെഞ്ച് പരിശോധിക്കേണ്ടതുണ്ടെന്നും സുപ്രീം കോടതി വ്യക്തമാക്കി. ജസ്റ്റിസുമാരായ സൂര്യകാന്ത്, കെ.വി.വിശ്വനാഥൻ എന്നിവരടങ്ങിയ ബെഞ്ചാണ് ഹർജി ഭരണഘടനാ ബെഞ്ചിന് വിട്ടത്.

&&&&&&&&&&&&&&&

RNC TVPM

## ആദായനികുതി-നോട്ടീസ്

3,500 കോടി രൂപയോളം വരുന്ന നികുതി കുടിശിക കോൺഗ്രസിൽ നിന്നും ഉടൻ ഈടാക്കില്ലെന്ന് കേന്ദ്ര സർക്കാർ. 2024 ജൂലൈ വരെ പാർട്ടിയ്ക്കെതിരെ നടപടി സ്വീകരിക്കില്ലെന്ന് കേന്ദ്ര സർക്കാർ സുപ്രീംകോടതിയിൽ വ്യക്തമാക്കി. ലോക്സഭാ തിരഞ്ഞെടുപ്പ് കണക്കിലെടുത്താണ് തീരുമാനം. കേസ് ജൂലൈയിൽ പരിഗണിക്കുമെന്ന് പരമോന്നത കോടതി അറിയിച്ചു.

**&&&&&&&&&&&&&&&&&&**

## ഇലക്ഷൻ - സംസ്ഥാനം -2

കേരളം ഉൾപ്പെടെ 13 സംസ്ഥാന-കേന്ദ്ര ഭരണ പ്രദേശങ്ങളിലെ 89 മണ്ഡലങ്ങളിലേക്ക് വ്യാഴാഴ്ച വരെ പത്രിക സമർപ്പിക്കാം. രണ്ടാം ഘട്ടത്തിൽ ഏപ്രിൽ 26 നാണ് വോട്ടെടുപ്പ്. അഞ്ചാം തീയതി സൂക്ഷ്മ പരിശോധന നടക്കും. എട്ടാം തീയതി വരെ പത്രിക പിൻവലിക്കാം.

RNU TVPM

**&&&&&&&&&&&&&&&&&&**

## ഇലക്ഷൻ - സംസ്ഥാനം

സംസ്ഥാനത്ത് തെരഞ്ഞെടുപ്പ് പ്രചാരണം സജീവം. സ്ഥാനാർത്ഥികൾ മണ്ഡലപര്യടനത്തിലാണ്. വിവിധയിടങ്ങളിൽ സംഘടിപ്പിക്കുന്ന യോഗങ്ങളിലും സമ്മേളനങ്ങളിലും പങ്കെടുത്ത് പരമാവധി വോട്ടർമാരിലേക്കെത്താനുള്ള ശ്രമത്തിലാണ് സ്ഥാനാർത്ഥികൾ.

**&&&&&&&&&&&&&&&&&&**

## മണ്ഡലങ്ങളിലൂടെ - മാവേലിക്കര (ഇൻട്രോ)

ആലപ്പുഴ കോട്ടയം കൊല്ലം എന്നിങ്ങനെ മൂന്നു ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന മണ്ഡലമാണ് മാവേലിക്കര. മണ്ഡലത്തിൽ

ഇക്കുറി നടക്കുന്നത് വാശിയേറിയ പോരാട്ടം. ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ.രവികുമാർ തയ്യാറാക്കിയ റിപ്പോർട്ട്.....
(വോയിസ് )

**&&&&&&&&&&&&&&&&**

## കൊല്ലം- ലോക്സഭ

കൊല്ലം ലോക്സഭാമണ്ഡലത്തിലെ UDF സ്ഥാനാർത്ഥി എൻ.കെ.പ്രേമചന്ദ്രൻ ഐക്യ ജനാധിപത്യമുന്നണി വനിതാ ഫോറം സംഘടിപ്പിച്ച മഹിളാ ന്യായ് കൊല്ലം പാർലമെന്റ് കൺവെൻഷനിൽ പങ്കെടുത്തു. വൈകിട്ട് അച്ചൻകോവിൽ ക്ഷേത്രാങ്കണത്തിൽ സംഘടിപ്പിക്കുന്ന സ്വീകരണ പരിപാടിയിലും അദ്ദേഹം പങ്കെടുക്കും. കുണ്ടറ മണ്ഡലത്തിലാണ് LDF സ്ഥാനാർത്ഥി എം. മുകേഷിൻ്റെ ഇന്നത്തെ പര്യടനം. NDA സ്ഥാർത്ഥി ജി.കൃഷ്ണകുമാർ കൊല്ലം ബിഷപ്പ് പോൾ ആൻ്റണി മുല്ലശ്ശേരിയുമായി കൂടിക്കാഴ്ച നടത്തി. ശിവഗിരി മഠം സന്ദർശിക്കുന്ന അദ്ദേഹം ഇരവിപുരം മണ്ഡലത്തിൽ പര്യടനം നടത്തും.

RNU TVPM

**&&&&&&&&&&&&&&&&**

## മുഖ്യമന്ത്രി-കാസർഗോഡ്

കാസർകോഡ് കൊല്ലപ്പെട്ട റിയാസ് മൗലവിയുടെ ഘാതകർക്ക് അർഹമായ ശിക്ഷ ഉറപ്പാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും, അതിനായി നിയമത്തിന്റെ എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തുമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. കേസന്വേഷണത്തിലും, വിചാരണയിലും സുതാര്യതയും തികഞ്ഞ സത്യസന്ധതയുമാണ് അന്വേഷണസംഘവും പ്രോസിക്യൂഷനും പുലർത്തിയതെന്നും, അതിൽ ഒരു ഘട്ടത്തിലും ആരും പരാതി പറഞ്ഞിട്ടില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

കോഴിക്കോട് മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. 2017 മാർച്ച് 20 നാണ് കാസർകോട് പഴയചൂരി പള്ളിയിലെ മദ്രസാധ്യാപകനായിരുന്ന റിയാസ്മൗലവി കൊല്ലപ്പെടുന്നത്. സംഭവം നടന്ന് 96 മണിക്കൂറുകൾക്കകം തന്നെ മൂന്ന് പ്രതികളെയും പ്രത്യേക അന്വേഷണ സംഘം അറസ്റ്റ് ചെയ്തിരുന്നു.

&&&&&&&&&&&&&&&

## ആകാശവാണി- 75 വർഷം

ആകാശവാണി തിരുവനന്തപുരം നിലയം 75 ആം വർഷത്തിലേക്ക്. ഒരു വർഷം നീണ്ടു നിൽക്കുന്ന ആഘോഷ പരിപാടികൾക്ക് ഇന്ന് തിരുവനന്തപുരം ആകാശവാണി അങ്കണത്തിൽ തുടക്കമാകും. വൈകുന്നേരം 3 മണിക്ക് നടക്കുന്ന ചടങ്ങ് പ്രശസ്ത സാഹിത്യകാരൻ ജോർജ് ഓണക്കൂർ ഉദ്ഘാടനം ചെയ്യും. ഡോ.എം ജി ശശി ഭൂഷൺ മുഖ്യാതിഥിയാകും. 1943 ൽ ആരംഭിച്ച തിരുവിതാംകൂർ റേഡിയോ സ്റ്റേഷൻ 1950 ഏപ്രിൽ 1 ൽ ആണ് ഓൾ ഇന്ത്യ റേഡിയോയുടെ ഭാഗമായത്. പ്രക്ഷേപണ യാത്ര 75 വർഷത്തോടടുക്കുമ്പോൾ ആ സന്തോഷം വിപുലമായി തന്നെ ആഘോഷിക്കാൻ ഒരുങ്ങുകയാണ് ആകാശവാണി തിരുവനന്തപുരം നിലയം. ഒരു വർഷം നീണ്ടു നിൽക്കുന്ന ആഘോഷ പരിപാടികളുടെ ഭാഗമായി ആകാശവാണി തിരുവനന്തപുരം നിലയത്തിന്റെ പരിധിയിൽ വരുന്ന തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കും. സാഹിത്യരംഗം , വയലും വീടും, കുടുംബാരോഗ്യം, നാടകം തുടങ്ങി ആകാശവാണിയുടെ വിവിധ വിഭാഗങ്ങളുടെ വ്യത്യസ്തങ്ങളായ പരിപാടികൾ ജനങ്ങൾക്ക് മുന്നിലെത്തും. ഇതിൽ നാടകങ്ങൾ,

PIU TVPM

കലാ സഹിത്യ സദസുകൾ, കവിയരങ്ങുകൾ, നാടകാവതരണം,മെഡിക്കൽ ക്യാമ്പുകൾ, കാർഷിക മേളകൾ തുടങ്ങിയവ ഉണ്ടാകും. ഒപ്പം ആകാശവാണി മുൻ ജീവനക്കാരും വിവിധ പരിപാടികളിൽ അതിഥികളായെത്തും. കൂടാതെ 1950 മുതൽ 2024 വരെയുള്ള ആകാശവാണിയുടെ വിവിധ പരിപാടികൾ തിരുവനന്തപുരം നിലയം പുന :പ്രക്ഷേപണം ചെയ്യും.

&&&&&&&&&&&&&&&

## ഇടുക്കി (ഇൻട്രോ)

മധ്യവേനൽ അവധിയാരംഭിച്ചതോടെ ഇടുക്കി ഹൈറേഞ്ചിലെ ബോട്ടിംഗ് സെന്ററുകൾ സജീവമായി. ബോട്ടിംഗ് ആസ്വദിക്കാൻ നിരവധി സഞ്ചാരികളാണ് ടൂറിസം കേന്ദ്രങ്ങളിൽ എത്തുന്നത്.

വിശദാംശങ്ങളുമായി ഇടുക്കിയിൽ നിന്നും ആകാശവാണി പ്രതിനിധി രതീഷ് കൃഷ്ണ.....

(വോയിസ്)

&&&&&&&&&&&&&&&

## ട്രഷറി പ്രവർത്തനം

സാമ്പത്തിക വർഷത്തെ ആദ്യ പ്രവൃത്തി ദിവസമായ ഇന്ന് ട്രഷറി തുറന്ന് പ്രവർത്തിക്കുമെങ്കിലും സാമ്പത്തിക ഇടപാടുകൾ ഉണ്ടായിരിക്കില്ലെന്ന് അധികൃതർ അറിയിച്ചു. സംസ്ഥാന ബജറ്റിൽ നിർദേശിച്ച നികുതി, ഫീസ് വർധനയും ഇളവുകളും ഇന്നു മുതൽ പ്രാബല്യത്തിൽ വരും. കോടതി ഫീസുകൾ ഉയരും. ചെക്ക് കേസിനും വിവാഹ മോചന കേസിനും ഫീസ് കൂടും. ഭൂമി പണയപ്പെടുത്തി വായ്പ എടുക്കുന്നതിനും ചിലവേറും. റബറിന്റെ താങ്ങുവില 170 രൂപയിൽ നിന്ന് 180 രൂപയാകും. സർക്കാർ ജീവനക്കാർക്ക് ഡിഎയിലും പെൻഷൻകാർക്ക്

RNU TVPM

ഡിആറിലും രണ്ട് ശതമാനം വർധനവും ഇന്ന് മുതൽ പ്രാബല്യത്തിലാകും.

&&&&&&&&&&&&&&&

## കടലാക്രമണം

സംസ്ഥാനത്ത് ശക്തമായ കടലാക്രമണത്തിൽ വ്യാപക നാശനഷ്ടം. തിരുവനന്തപുരം , കൊല്ലം, ആലപ്പുഴ, തൃശ്ശൂർ ജില്ലകളിലാണ് കടൽക്ഷോഭം രൂക്ഷമായത്. പലയിടങ്ങളിലും കടൽ 100 മീറ്ററോളം കരയിലേക്ക് കയറി.

&&&&&&&&&&&&&&&

## കടൽക്ഷോഭം

RNU TVPM

കേരളതീരത്തും തെക്കൻ തമിഴ്നാട് തീരങ്ങളിലും ഇന്ന് രാത്രിയും ഉയർന്ന തിരമാലയും കടൽ ക്ഷോഭത്തിനും സാധ്യതയുണ്ട്. 'കള്ളക്കടൽ' എന്ന പ്രതിഭാസമാണ് വ്യാപകമായ രീതിയിലുള്ള കടലാക്രമണത്തിന് കാരണം. തീരദേശ വാസികളും മത്സ്യത്തൊഴിലാളികളും ജാഗ്രത പാലിക്കണം. അപകട മേഖലകളിൽ നിന്ന് അധികൃതരുടെ നിർദേശാനുസരണം മാറിത്താമസിക്കണം. തിരുവനന്തപുരത്ത് തീരപ്രദേശത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്തി. അടിയന്തര സാഹചര്യങ്ങൾ നേരിടാൻ സംസ്ഥാന ഫിഷറീസ് വകുപ്പ്
കൺട്രോൾ റൂം ആരംഭിച്ചു.

&&&&&&&&&&&&&&&

## കണ്ണൂർ-ബ്രിഡ്ജ്

കണ്ണൂർ മുഴപ്പിലങ്ങാട് ഡ്രൈവിംഗ് ബീച്ചിലെ ഫ്ലോട്ടിങ് ബ്രിഡ്ജ് കടൽക്ഷോഭത്തിൽ തകർന്നു. ഇന്നലെ രാത്രിയാണ് ബ്രിഡ്ജ്

പൂർണ്ണമായും തകർന്നത്. മേഖലയിൽ കടൽക്ഷോഭം ഇപ്പോഴും രൂക്ഷമാണ്.

**&&&&&&&&&&&&&&&**

## ഐപിഎൽ

ഐപിഎലിൽ ഇന്ന് നടക്കുന്ന മത്സരത്തിൽ മുംബൈ ഇന്ത്യൻസ് , രാജസ്ഥാൻ റോയൽസുമായി ഏറ്റുമുട്ടും. മുംബൈ വാങ്കഡെ സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം. കളിച്ച രണ്ടു കളികളും പരാജയപ്പെട്ട മുംബൈ പട്ടികയിൽ ഏറ്റവും താഴെയാണ്. ഹോം ഗ്രൗണ്ടിലെ ഇന്നത്തെ മത്സരം ജയിച്ച് പോയിന്റ് നില മെച്ചപ്പെടുത്താനാവും ഹർദിക് പാണ്ട്യയും സംഘവും ശ്രമിക്കുക.

**&&&&&&&&&&&&&&&**

PNU TVPM

## ISL ഫുട്ബോൾ

ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോളിൽ ഇന്ന് മുംബൈ സിറ്റി ഹൈദരാബാദിനെ നേരിടും. ഹൈദരാബാദിലെ GMC ബാലയോഗി സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം. 41 പോയിന്റുമായി മുംബൈ പോയിന്റ് പട്ടികയിൽ നിലവിൽ ഒന്നാമതാണ്.

**&&&&&&&&&&&&&&&**

## കൊല്ലൂർ മൂകാംബിക-രഥോത്സവം

കൊല്ലൂർ മൂകാംബിക ക്ഷേത്രത്തിൽ ബ്രഹ്മരഥോത്സവം ഇന്ന് നടക്കും. മുഖ്യതന്ത്രി നിത്യാനന്ദ അഡിഗയുടെ കാർമികത്വത്തിൽ വൈകുന്നേരം അഞ്ചു മണിക്കാണ് രഥോത്സവം. മുഹൂർത്ത ബലി, രഥാരോഹണം എന്നിവയ്ക്കു ശേഷമാണ് മുഖ്യ ചടങ്ങായ രഥോത്സവം നടക്കുക.

&&&&&&&&&&&&&&&

## ഓഹരി

രാജ്യത്തെ ഓഹരി വിപണികളിൽ ഉണർവ്. ബോംബെ ഓഹരി സൂചിക സെൻസെക്സ് 392 പോയിന്റ് നേട്ടത്തിൽ 74,035 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 140 പോയിന്റ് ഉയർന്ന് 22,467 ലും വ്യാപാരം തുടരുന്നു.
സർണവില സർവ്വകാല റെക്കോർഡിൽ. ഗ്രാമിന് 6,360 രൂപയും പവന് 680 രൂപ വർദ്ധിച്ച് 50,880 രൂപയുമാണ് ഇന്നത്തെവില.

&&&&&&&&&&&&&&&

## റേഷൻ വിതരണം

ഏപ്രിൽ മാസത്തെ റേഷൻ വിതരണം അടുത്ത തിങ്കളാഴ്ച ആരംഭിക്കും. കഴിഞ്ഞ മാസത്തെ റേഷൻ ശനിയാഴ്ച വരെ വിതരണം ചെയ്യുന്ന സാഹചര്യത്തിലാണിത്. ഇന്ന് റേഷൻകടകൾക്ക് അവധിയായിരിക്കും.

RNU TVPM

&&&&&&&&&&&&&&&
&&&&&&&&&&
&&&